# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.985 10.06.2019 -ലെ മറുപടി

**ഭൂഗർഭ ജലചൂഷണം**

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | മറുപടി<br>കെ. കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പമന്ത്രി) |
|---|---|
| എ) ഭൂഗർഭ ജലത്തിന്റെ അമിതമായ ഉപയോഗം നിയന്ത്രിക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | എ) സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ (തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക്, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബ്ലോക്ക്, പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ബ്ലോക്ക്,കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്) കുഴൽകിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ മുൻകൂർ അനുമതി (പെർമിറ്റ്) നിർബന്ധമാക്കിയിട്ടുണ്ട്.<br>മറ്റ് പ്രദേശങ്ങളിൽ കേരള കെട്ടിട നിർമ്മാണചട്ടം ചാപ്റ്റർ (14), 91 & 93 (എ) എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനത്ത് കുഴൽക്കിണറുകൾ/ബോർവെല്ലുകൾ നിർമ്മിക്കുന്നതിന് ഭൂജലവകുപ്പിന്റെ ക്ലിയറൻസ് അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പെർമിറ്റോടുകൂടി 10/01/2014 മുതൽ നിർബന്ധമാക്കിയിട്ടുണ്ട്. |
| ബി) ഭൂഗർഭ ജലചൂഷണമുള്ള സ്ഥലങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിവരിക്കുമോ; | ബി) ഡയനാമിക് ഗ്രൗണ്ട് വാട്ടർ റിസോഴ്സ് ഓഫ് കേരള-മാർച്ച് -2013 വരെയുള്ള റിപ്പോർട്ട് അനുസരിച്ച് ഭൂഗർഭ ജലത്തിന്റെ സ്ഥിതിയെ അടിസ്ഥാനപ്പെടുത്തി സംസ്ഥാനത്തെ പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ളോക്ക് അമിത ചൂഷിത ബ്ളോക്കായും, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ളോക്ക്, പാലക്കാട് ജില്ലയിലെ മലമ്പുഴ ബ്ളോക്ക് എന്നിവ ക്രിട്ടിക്കൽ ബ്ലോക്കുകളായും, കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ളോക്ക്, പാനൂർ ബ്ളോക്ക്, തലശ്ശേരി ബ്ളോക്ക്, ഇടുക്കി ജില്ലയിലെ കട്ടപ്പന, നെടുങ്കണ്ടം ബ്ളോക്കുകൾ, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, കൊല്ലം ജില്ലയിലെ മുഖത്തല ബ്ളോക്ക്, കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി, കുന്നമംഗലം, മലപ്പുറം ജില്ലയിലെ താനൂർ, തിരൂരങ്ങാടി, വേങ്ങര പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം, തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ, ചിറയിൻകീഴ്, പാറശ്ശാല ബ്ളോക്കുകൾ, തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ, മതിലകം ബ്ളോക്കുകൾ സെമി ക്രിട്ടിക്കൽ വിഭാഗത്തിലും, 152 ബ്ലോക്കുകളിൽ ബാക്കിയുള്ള 131 ബ്ളോക്കുകൾ സേഫ് വിഭാഗത്തിലുമാണ് ഉൾപ്പെടുന്നത്. 2017 മാർച്ച് |

| | | | |
|---|---|---|---|
| | | | വരെയുള്ള ഭൂജലസമ്പത്ത് കണക്കാക്കുന്നതിനുള്ള പഠനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. റിപ്പോർട്ട് അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| സി) | ഇത്തരം ജലചൂഷണം നിയന്ത്രിക്കുന്നതിന് ഭൂഗർഭ ജലവകുപ്പ് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | സി | 1) കുഴൽകിണർ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വകാര്യ റിഗ്ഗുകൾക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ച് വരുന്നു.<br>2) വ്യാവസായിക- അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ നടപ്പിലാക്കുവാൻ അനുമതി നൽകുവാൻ അതത് ജില്ലകളിൽ രൂപീകരിച്ചിട്ടുള്ള ജില്ലാതല ഇവാല്യുവേഷൻ കമ്മറ്റികളിൽ പഞ്ചായത്ത് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനീയർ, KSEB എന്നിവരെ കൂടി ഉൾപ്പെടുത്തി കമ്മറ്റി പരിഷ്കരിച്ചിട്ടുണ്ട്.<br>3) ഭൂജലം അസംസ്കൃത വസ്തുവായി ഉപയോഗിച്ച് വരുന്ന കുപ്പിവെള്ള നിർമ്മാണ യൂണിറ്റുകൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിവരുന്ന ലൈസൻസ് പുതുക്കി നൽകുവാൻ ഭൂജലവകുപ്പിന്റെ NOC നിർബന്ധമാക്കിയിട്ടുണ്ട്.<br>4) സംസ്ഥാനത്ത് അമിത ഭൂജലചൂഷണം നിയന്ത്രിക്കുന്നതിനായി കേരള സംസ്ഥാന ഭൂജലനിയന്ത്രണവും ക്രമീകരണവും ആക്ട് (2002) പ്രകാരമുള്ള നിയമ നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ